പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2051 **26-10-2026-ൽ മറുപടിയ്ക്ക്**

ഹോമിയോ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സന്ദീപ് വാര്യർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അധ്യാപക ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ അധ്യാപക ഒഴിവുകൾ പൂർണ്ണമായും നികത്തപ്പെട്ടിട്ടില്ല. കോടതി കേസുകൾ മുഖേന മാറ്റി വയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകൾ നിലവിലുള്ളതിനാലും ഭിന്നശേഷി വിഭാഗക്കാർക്കായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ നിലവിലില്ലാത്തതുമാണ് ഒഴിവുകൾ നികത്തപ്പെടാതിരിക്കാൻ കാരണം.

(ബി) ഹോമിയോ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അടുത്ത 15-20 വർഷക്കാലത്തേക്ക് ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളെ പ്രതികൂലമായി ബാധിക്കുമെന്നും ഇത് P.G. പഠിച്ചിറങ്ങുന്ന കുട്ടികളുടെ അവസരം നഷ്ടപ്പെടുത്തുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച തീരുമാനം അറിയിക്കാമോ;

മറുപടി: എൻ.സി.എച്ച്. മാനദണ്ഡപ്രകാരം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ സ്ഥിര ജീവനക്കാർ അത്യന്താപേക്ഷിതമാണ്. ആയതിന്റെ അഭാവം കോളേജിന്റെ അഫിലിയേഷനേയും വരും വർഷങ്ങളിലെ അഡ്മിഷൻ നടപടികളേയും ബാധിക്കും. ആയതിനാലാണ് ഫീഡർ കാറ്റഗറിയിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത വിഭാഗങ്ങളിലെ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ പി.എസ്.സി. മുഖേന നേരിട്ട് നിയമനം നടത്തിയിട്ടുള്ളത്. വകുപ്പിലെ ഭൂരിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലും പി.എസ്.സി. മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളതെന്നതിനാലും, പ്രൊഫസർ തസ്തികയിലെ ജീവനക്കാർ വിരമിക്കുന്ന ഒഴിവുകളിൽ അതേ വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് പ്രൊമോഷൻ ലഭിക്കുകയും അപ്രകാരമുണ്ടാകുന്ന അസോസിയേറ്റ് പ്രൊഫസർ ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതു മുഖേന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവു വരികയും ആയതിലേക്ക് പുതിയ നിയമനങ്ങൾ നടത്തുന്നതു വഴി പി.ജി. പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നതാണ്.

(സി) N.C.H-ന്റെ നിർദ്ദേശപ്രകാരം P.G.യുള്ള ഹോമിയോ കോളേജുകളിൽ പുതുതായി Research Methodology and Biostatistics Dept. തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിലേക്കുള്ള അധ്യാപകരെ കമ്മ്യൂണിറ്റി മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുമോ?

മറുപടി: N.C.H-ന്റെ നിർദ്ദേശപ്രകാരം P.G.യുള്ള ഹോമിയോ കോളേജുകളിൽ പുതുതായി Research Methodology and Biostatistics Dept. തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. ആയതിലേക്ക് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നിയമന കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ